# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2411

12.06.2018 ൽ മറുപടിക്ക്

### സ്റ്റാർട്ടപ്പ് നയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി<br>ശ്രീമതി. സി. കെ. ആശ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | യുവാക്കളിൽ സംരംഭകശേഷി വളർത്തുന്നതിന് രാജ്യത്താദ്യമായി സംസ്ഥാന സർക്കാർ സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2014 ൽ സംസ്ഥാന സർക്കാർ സാങ്കേതിക സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ചു. 2017 ൽ പുതുക്കിയ വിവര സാങ്കേതികവിദ്യാ നയം പ്രഖ്യാപിച്ചപ്പോൾ അതിന്റെ ഉപനയമായി പുതുക്കിയ സാങ്കേതിക സ്റ്റാർട്ടപ്പ് നയവും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | രാജ്യത്തെ സ്റ്റാർട്ടപ്പ് ഹബ്ബായി കേരളത്തെ വികസിപ്പിക്കുന്നതിന് നടത്തിവരുന്ന ശ്രമങ്ങൾ വിശദമാക്കുമോ; | (ബി) | യുവാക്കളെ തൊഴിലന്വേഷകർ എന്ന നിലയിൽ നിന്നും മാറ്റി സംരംഭകരാവാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്നു. ഇതിനായി വിവിധ ഘടകങ്ങൾ അടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കി വരുന്നു.<br>കേരളത്തിലെ യുവസംരംഭക വികസനത്തിനായി കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുളള നൂതനവും വ്യാപാരയോഗ്യമായതു മായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ എസ് ഐ ഡി സി യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 3 ഇൻക്യുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. സ്റ്റാർട്ടപ്പ് |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗ നിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. ഇതുകൂടാതെ കെ എസ് ഐ ഡി സി യുടെ സഹായത്താൽ 11 ഓളം കോളേജുകളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കലാലയങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്നവർക്ക് നൂതനാശയങ്ങൾ വളർത്തിയെടുക്കുന്നതിന് എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| (സി) | കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിയ 'ഹഡിൽ കേരള' സമ്മേളനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) & (ഡി) | ഇന്റർനെറ്റ് & മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച 'ഹഡിൽ കേരള' സമ്മേളനത്തിലെ ഒരു പ്രധാന പങ്കാളി കേരള സ്റ്റാർട്ടപ്പ് മിഷൻ ആയിരുന്നു. ദേശീയതലത്തിലെ സ്റ്റാർട്ടപ്പുകളും സംസ്ഥാന സ്റ്റാർട്ടപ്പുകളും പങ്കെടുത്ത ഈ പരിപാടി അന്യോന്യം സംവദിക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായിച്ചു. കൂടാതെ, പങ്കെടുക്കുന്ന വിവിധ നിക്ഷേപകരുമായി ബന്ധം സ്ഥാപിക്കുന്നതിനും നിക്ഷേപം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ചില സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. ദുബായ് , ഷാർജ ഭരണാധികാരികളും നോർവേയിൽനിന്നും ട്രൂ കോളർ സ്ഥാപകനും പങ്കെടുത്തതിൽ നിന്ന് അവരുമായി ബന്ധപ്പെട്ട് വിപണന സാധ്യതകളും വിജ്ഞാനവും പങ്കുവെയ്ക്കുന്നതിനും ഈ പരിപാടി സഹായിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സമ്മേളനത്തിന്റെ പ്രധാന നിർദ്ദേശങ്ങളും തീരുമാനങ്ങളും അറിയിക്കുമോ ? | | |

Bindu T

സെക്ഷൻ ഓഫീസർ